# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അയിരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./ പി8/1409/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 24/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി8/1409/2022 തീയ്യതി: 24/01/2023

# പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-12-2022 | 24-12-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-12-2022 | 24-12-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സൂര്യപ്രഭ പി സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനിത കുറുപ്പ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അനിൽ കുമാർ എ ജി | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ ജയൻ ഡി നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 25-07-2021 |
| ശ്രീ സനൽ കുമാർ ജി | സെക്രട്ടറി | 26-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയൻ ഡി നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ ജോർജ് വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സുജ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റാഫിയ പി എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 22-11-2021 |
| കുമാരി സ്വാതി ചന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-11-2021 | 31-03-2022 |
| ശ്രീമതി അനുപമ പി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ഷെനൂബ് പി എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി വിദ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ രാജശ്രീ ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 27-10-2021 |
| ഡോ ബിന്നി ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 28-10-2021 | 31-03-2022 |
| ഡോ അജിത പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു പി | ഹെഡ്മിസ്ട്രസ് | 01-04-2021 | 12-12-2021 |
| ശ്രീമതി അനിത വി | ഹെഡ്മിസ്ട്രസ് | 13-12-2021 | 31-03-2022 |
| ശ്രീ നിഖിൽ കെ | കൃഷി ഓഫീസർ | 01-04-2021 | 15-10-2021 |

| | | | |
|---|---|---|---|
| ശ്രീ കെ വി ബിനോയ് | കൃഷി ഓഫീസർ | 16-10-2021 | 24-10-2021 |
| ശ്രീമതി സരിക ജി എസ് | കൃഷി ഓഫീസർ | 25-10-2021 | 06-12-2021 |
| ശ്രീമതി ധന്യ എ | കൃഷി ഓഫീസർ | 07-12-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക-അപാകതകൾ | 1-2 |
| 3 | സാമ്പത്തിക നില(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗപത്രിക - അപാകതകൾ | 1-4-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപെൻഷൻ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-11 |
| 12 | വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-12 |
| 13 | ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു | 1-13-1 |
| 14 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-13 |
| 15 | ലൈസൻസ് ഫീസ് പിരിവ്- അപാകതകൾ | 1-14 |
| 16 | കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയിട്ടില്ല | 1-15 |
| 17 | മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തില്ല | 1-16 |
| 18 | വഞ്ചിപ്പാട്ട് പരിശീലനം-പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-17 |
| 19 | ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ-നികുതി ഒടുക്കിയതിൽ ഇരട്ടിപ്പ്-നഷ്ടം 2.43ലക്ഷം രൂപ | 1-18 |
| 20 | ഗ്രാമപഞ്ചായത്ത് ഓഫീസിന് അടിസ്ഥാന സൗകര്യം ഒരുക്കൽ-നിർമ്മിതി കേന്ദ്രം മുഖേന നടത്തിയ പ്രവൃത്തി-ഗുരുതര പിഴവുകൾ | 1-19 |
| 21 | കുടിവെള്ള പദ്ധതികൾ- 43.35 ലക്ഷം രൂപ നിക്ഷേപിച്ച് 11 വർഷങ്ങൾ കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ല | 1-20 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണരേഖകളില്ല : നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് 87. 75 ലക്ഷം രൂപ | 1-21 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-22 |
| 24 | ധനകാര്യ കമ്മീഷൻ (റൈഡ്) ഗ്രാന്റ് വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കുന്നതിനായി വകമാറ്റി | 1-23 |
| 25 | എ.ബി.സി പ്രോഗ്രാം-മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു | 1-24 |
| 26 | സ്പോർട്ട്സ് കിറ്റ് വിതരണം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി | 1-25 |
| 27 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ അവഗണിക്കുന്നു | 1-26 |
| 28 | പട്ടികജാതി കോളനികളിൽ സാംസ്കാരിക നിലയം : എം-ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-27 |

| | | |
|---|---|---|
| 29 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്ക് വരുത്തിയില്ല | 1-28 |
| 30 | പൊതുടാപ്പുകളുടെ വെള്ളക്കരം-15 ലക്ഷം രൂപ ഒടുക്കിയെങ്കിലും കുടിശിക കുറവ് ചെയ്തില്ല | 1-29 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം- ബാധ്യത 1.4കോടി രൂപ | 1-30 |
| 32 | സ്കൂളുകളുടെ വെള്ളക്കരം യഥാസമയം ഒടുക്കുവരുത്തുന്നില്ല | 1-31 |
| 33 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം അടവാക്കുന്നില്ല – കുടിശ്ശിക വർദ്ധിക്കുന്നു | 1-32 |
| 34 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ - സബ്സിഡി തുക ആനുപാതികമായാണോ ചെലവഴിച്ചതെന്ന് വ്യക്തമല്ല | 1-33 |
| 35 | ധനസഹായം നൽകി - പണി പൂർത്തീകരിച്ചില്ല | 1-34 |
| 36 | വാങ്ങലുകൾ നടത്തിയത് നടപടിക്രമങ്ങൾ പാലിച്ചല്ല | 1-35 |
| 37 | മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു | 1-36 |
| 38 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-37 |
| 39 | ഇ-ടെണ്ടർ ഫീസ് തിരികെ വാങ്ങിയിട്ടില്ല | 1-38 |
| 40 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു | 1-39 |
| 41 | മരാമത്ത് പ്രവൃത്തികൾ - ബില്ല് തയ്യാറാക്കുന്നതിൽ അപാകത | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

24-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ 2(1) നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1876449 |
| തൻവർഷം വരവ് | 200064750 |
| ആകെ വരവ് | 201941199 |
| ചെലവ് | 195630000 |
| നീക്കിയിരിപ്പ് | 6311199 |

09-02-2022 ലെ 6(1) നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 30/06/2022-ന് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കാണിക്കുന്ന പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
2. ഷെഡ്യൂൾ ബി-4: ICDS ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

3. ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes-Suchitwa Mission- ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

4. ഷെഡ്യൂൾ ബി-4: സാക്ഷരത നീക്കിയിരിപ്പ് അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല. സാക്ഷരതയുമായി ബന്ധപ്പെട്ട് പ്രത്യേക ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നുവെങ്കിലും ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അക്കൗണ്ടിൽ 120587 രൂപ നീക്കിയിരിപ്പുണ്ട്.

5. ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat - 745181രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഏത് പ്രോജക്റ്റുകൾക്കായി ലഭിച്ച തുകയാണെന്നോ, ഏതെല്ലാം പ്രോജക്റ്റുകളുടെ നിർവ്വഹണശേഷം നീക്കിയിരിപ്പുള്ള തുകയാണെന്നോ എന്ന് വ്യക്തമല്ല.

6. ഷെഡ്യൂൾ B4- ബയോഡൈവേഴ്സിറ്റി പ്രോജക്റ്റിനായി ലഭിച്ച സ്പെഷ്യൽ ഗ്രാന്റ് Grant For Solid Waste Management(320200319) എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

7. ഷെഡ്യൂൾ B5:-കെ.യു.ആർ.ഡി.എഫ്.സി. ലോൺ(ലൈഫ്) നീക്കിയിരിപ്പ് ( 3317088)കാണിച്ചിരിക്കുന്നത് കൃത്യമല്ല. യഥാർത്ഥ നീക്കിയിരിപ്പ് 2500670 രൂപയാണ്. സ്രോതസ്സിൽ നിന്നും ലോൺ റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്ന തുക കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല.

8. ഷെഡ്യൂൾ B-7:- ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ഇനത്തിലുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

9. ഷെഡ്യൂൾ B9:- 350110109, 350200116 എന്നീ ഹെഡുകളിൽ പ്രൊവിഡന്റ് ഫണ്ട് ലയബിലിറ്റി അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.

10. ഷെഡ്യൂൾ B9: Contributary Pension Payable- കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

11. ഷെഡ്യൂൾ ബി-9: Recoveries Payable IT TDS, VAT, KCWWF-മുൻ വർഷം ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. രേഖകളുടെ അഭാവത്തിൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

2021-22 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ചെയ്ത മരാമത്ത് പ്രവൃത്തികളുടെ IT TDS- 18001, GST-47080 , KCWWF-17823 ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്ക് വരുത്തിയിട്ടില്ല.

12. ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

13. ഷെഡ്യൂൾ ബി11 :- ഗ്രാമപഞ്ചായത്തിന്റെ എല്ലാ മുൻകാല ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

14. ഷെഡ്യൂൾ ബി12:- പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, അയിരൂർ ശാഖയിലുള്ള സ്ഥിരനിക്ഷേപം നീക്കിയിരുപ്പ് 162237 രൂപയാണ്. വാർഷിക കണക്കിൽ 165839 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

15. ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

16. ഷെഡ്യൂൾ B-15:- Receivables From Govt.- Redumption- ട്രഷറി(തനത് ഫണ്ട്) അക്കൗണ്ടിൽ നിന്നും ധനകാര്യ വകുപ്പ് കുറവ് ചെയ്ത തുക തിരികെ ലഭിക്കാനുള്ളത് അക്കൗണ്ട് ചെയ്തിരിക്കുന്നത്(1053124) കൃത്യമല്ല. ഈ ഹെഡിൽ മുന്നിരിപ്പ് കാണിച്ചിരുന്ന തുക തിരികെ ലഭിച്ചുവെങ്കിലും ക്രമീകരിച്ചിട്ടില്ല.

17. ഷെഡ്യൂൾ B-17:- സാക്ഷരതയുമായി ബന്ധപ്പെട്ട് ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നുവെങ്കിലും (അക്കൗണ്ട് നം.4966)ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അക്കൗണ്ടിൽ 120587 രൂപ നീക്കിയിരിപ്പുണ്ട്.

18. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 41,22,804

Depoist With KSEB - Rs. 42,42,457

Deposit With GWA - Rs. 1,75,029

19. ഷെഡ്യൂൾ ബി-18: പൊതുമരാമത്ത് വകുപ്പിന് 2015 വർഷം മുൻകൂർ നൽകിയിട്ടുള്ള 1,52,942 രൂപ പ്രവൃത്തി പൂർത്തീകരിച്ചത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

20. ഷെഡ്യൂൾ ബി-18: പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുള്ള മുൻകൂർ തുക(142786) വിനിയോഗ സാക്ഷ്യപത്രം വാങ്ങി ക്രമീകരിച്ചിട്ടില്ല.

21. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

22. വികസനഫണ്ട്-ജനറൽ വിഭാഗത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 1,83334രൂപ വരവിലും ജി.ഒ പ്രോജക്ടായി ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

23. 3.വികസനഫണ്ട്-ജനറൽ വിഭാഗത്തിൽ അങ്കണവാടി ഹോണറേറിയം നൽകുന്നതിനായി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 365000 രൂപ വരവിലും ജി.ഒ പ്രോജക്ടായി ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

24. 4.വികസനഫണ്ട്-എസ്.സി.പി. വിഭാഗത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 22000രൂപ വരവിലും ജി.ഒ പ്രോജക്ടായി ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

25. ഷെഡ്യൂൾ I-6 : MGNREGA- ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

26. ഷെഡ്യൂൾ I-6 : സംയുക്ത പദ്ധതികൾക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള ആകെ ചെലവ് സുലേഖ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല.

27. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം ലഭിച്ചത് 11692652 രൂപയാണ്. എന്നാൽ RP-7 പ്രകാരം വരവ് 12174872 രൂപയാണ്.

28. എഴുതി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം മാസാന്ത്യത്തിലും വർഷാന്ത്യത്തിലും ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

29. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന തുകകൾക്ക് ആധാരമായ അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

30. പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കുടിശ്ശികയുള്ള 1.08 കോടി രൂപ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല.

അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-3 സാമ്പത്തിക നില(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15754058 |
| ഓഡിറ്റ് വർഷത്ത വരവ് | 58740342 |
| ആകെ | 74494400 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 56988002 |
| നീക്കിയിരിപ്പ് | 17506398 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രിക - അപാകതകൾ

2021-22 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) **ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല**

വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. ടി തുകകൾ കൂടി ഉൾപ്പെടുത്തിയാവണമായിരുന്നു ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിക്കേണ്ടിയിരുന്നത്.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 14299345 | 12837678 | 1461667 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 1095000 രൂപ, ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 366667എന്നിവ സോഴ്സ് ഡിഡക്ഷൻ നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 2768900 | 2724900 | 44000 | ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 44000രൂപ സോഴ്സ് ഡിഡക്ഷൻ |

| | | | | | |
|---|---|---|---|---|---|
| | | | | | നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |

**2)മെയിന്ററനൻസ് ഗ്രാന്റ് (റോഡ്) - വരവ് , നീക്കിയിരിപ്പ് എന്നിവ അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല**

റോഡ് മെയിന്ററനൻസ് ഗ്രാന്റിനത്തിൽ ആദ്യ രണ്ട് അലോട്ട്മെന്റ് ഉത്തരവുകൾ പ്രകാരം 9080000 രൂപ ക്രമത്തിൽ ആകെ 18160000 രൂപ അനുവദിച്ചുവെങ്കിലും മൂന്നാം അലോട്ട്മെന്റ് ഉത്തരവ് പ്രകാരം ആകെ അനുവദിച്ച തുകയിൽ നിന്നും 9834000 രൂപ കുറവ് ചെയ്തു. ഇതുകൂടാതെ അഡീഷണൽ അലോട്ട്മെന്റ് ഇനത്തിൽ 343406 രൂപ അനുവദിക്കുകയും ചെയ്തു. ഇതനുസരിച്ച് റോഡ് മെയിന്ററനൻസ് ഗ്രാന്റിനത്തിൽ ആകെ ലഭിച്ച തുക 8669406 രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 18503406 രൂപയാണ്. എ.സി.ആർ-വരവ് കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാലാണ് ഈ വ്യത്യാസം ഉണ്ടായത്.

| വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | യഥാർത്ഥ വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | യഥാർത്ഥ നീക്കിയിരിപ്പ് |
| 18503406 | 8669406 | 8253904 | 8253904 | 10249502 | 415502 |

**3)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല**

| ക്രമ നം | വിഭാഗം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 13671127 | 13122793 | | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 365000 രൂപയും ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 18334 രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് സുലേഖയിൽ ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തിയില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവിലും വ്യത്യാസം വന്നു. |
| 2 | വികസന ഫണ്ട്-എസ്.സി.പി | 2504000 | 2482000 | 22000 | ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 22000രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് സുലേഖയിൽ ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തിയില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | | ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവിലും വ്യത്യാസം വന്നു. |

4) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്(അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14299345 | 14299345 | 13671127 | 628218 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2768900 | 2768900 | 2504000 | 264900 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 9100 | 9100 | 0 | 9100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5369420 | 5369420 | 2154617 | 3214803 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 2570000 | 2570000 | 2475434 | 94566 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 8669406 | 8669406 | 8253904 | 415502 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 5638559 | 5638559 | 2850109 | 2788450 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 1358743 | 570000 | 1928743 | 965479 | 963264 |
| ശുചിത്വമിഷൻ ഗ്രാന്റ് | 2784429 | 160000 | 2944429 | 1516929 | 1427500 |
| ബയോഡൈവേഴ്സിറ്റി ഗ്രാന്റ് | | 1339626 | 1339626 | 0 | 1339626 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 484654 | 17242502 | 17727156 | 17500380 | 226776 |
| ഐ.സി.ഡി.എസ്. | 271189 | 549551 | 820740 | 497065 | 323675 |
| പൈക്ക ഗ്രാന്റ് | 370000 | 0 | 370000 | 339448 | 30552 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 192 | 84652405 | 137 | 40159658 | 55 | 71.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 484654 | 879875 | 1364529 | 1137753 | 226776 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 16362627 | 16362627 | 6362627 | |
| ആകെ | 484654 | 17242502 | 17727156 | 17500380 | 226776 |

## 1-7 ക്ഷേമപെൻഷൻ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2485 | 37358000 |
| വിധവാ പെൻഷൻ | 852 | 13522500 |
| കർഷക തൊഴിലാളി പെൻഷൻ | 188 | 3053800 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 305 | 4668000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 29 | 459800 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 22-12-2022, 3.05 P. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 48622(നാല്പത്തിഎണ്ണായിരത്തി അറുന്നൂറ്റി ഇരുപത്തി രണ്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2017 മുതൽ 06.12.2017 വരെ | 2013-14 മുതൽ 2016-17 വരെ | 17.01.2018 |
| പെർഫോമൻസ് ഓഡിറ്റ് | 15.6.2022 മുതൽ 16.6.2022 വരെ | 1/2022 മുതൽ 3/2022 വരെ | 26.11.2022 |

## 1-11 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | സിയോൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ, അയിരൂർ | രണ്ടാം അർദ്ധവർഷം |
| 2. | എസ്.ഡി.എ ഇംഗ്ലീഷ് മീഡിയം സ്കൂൾ, അയിരൂർ | രണ്ടാം അർദ്ധവർഷം |
| 3. | പോസ്റ്റ് ഓഫീസ്, വെള്ളിയറ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | സ്വാമി സത്യാനന്ദ വിദ്യാപീഠം ഇംഗ്ലീഷ് മീഡിയം സ്കൂൾ, അയിരൂർ | രണ്ടാം അർദ്ധവർഷം |
| 5 | പോസ്റ്റ് ഓഫീസ്, കൈതക്കോടി | രണ്ടാം അർദ്ധവർഷം |
| 6 | പോസ്റ്റ് ഓഫീസ്, കാഞ്ഞീറ്റുകര | രണ്ടാം അർദ്ധവർഷം |
| 7 | ഓഷ്യാനോ സ്പ്രിംഗ്, അയിരൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | റേഷൻകടകൾ(9) | രണ്ടാം അർദ്ധവർഷം |

2)താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

**1.** എസ്.ഡി.എ ഇംഗ്ലീഷ് മീഡിയം സ്കൂൾ, അയിരൂർ- രണ്ടാം അർദ്ധവർഷം

**2.** സ്വാമി സത്യാനന്ദ വിദ്യാപീഠം ഇംഗ്ലീഷ് മീഡിയം സ്കൂൾ, അയിരൂർ- രണ്ടാം അർദ്ധവർഷം

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനങ്ങളിലൊന്നാണ് തൊഴിൽനികുതി. തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമാണ് വസ്തുനികുതി. വാർഷിക കണക്കുകൾ പ്രകാരം ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ 1829322.75 രൂപ പിരിച്ചെടുക്കാനുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) | 169092 |
| Receivables For Property Tax On Residential Building (Arrear) | 352730.75 |
| Receivables For Property Tax On Non-Residential Building (Current) | 144975 |
| Receivables For Property Tax Non- Residential Building (Arrear) | 1162525 |
| **Total** | 1829322.75 |

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. പഞ്ചായത്തിൽ തൻവർഷം കെട്ടിട നികുതി ഇനത്തിൽ 92.07% കൈവരിച്ചിട്ടുണ്ടെന്നും കുടിശ്ശിക ഈടാക്കുന്നതിന് എല്ലാ നികുതിദായകർക്കും ഡിമാന്റ് നോട്ടീസ് നല്കുകയും നികുതി പിരിവ് ക്യാമ്പ് എല്ലാ വാർഡുകളിലും നടത്തിയതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. ലഭ്യമാക്കിയ മറുപടി പ്രകാരം വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) റ്റി എൻ സാംബശിവ അയ്യർ, വിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ്- Rs. 190406/-

2) പ്രസിഡന്റ്, ഹിന്ദു മഹാമണ്ഡലം-Rs. 30902/-

3) റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്- Rs. 28478/-

മേൽ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി വേഗത്തിലാക്കി വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13-1 ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾപരിശോധിച്ചതിൻ പ്രകാരം ക്രമ നം.1 ഫർണ്ണിച്ചർ കടയും ക്രമ നം. 2 സോമില്ലും ക്രമ നം. 3 വസ്ത്രവ്യാപാര സ്ഥാപനവുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമ നം.1 ഉം 2 ഉം വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, ക്രമ നം 3 പാർപ്പിടം എന്ന ഉപയോഗക്രമത്തിലുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം | വാണിജ്യ സ്ഥാപനം/ ഉടമയുടെ വിലാസം | കെട്ടിട നം | ആകെ തറവിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി, ചതുരശ്ര മീറ്ററിന് (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | ഇ ഡി വുഡ് ഫർണ്ണിച്ചർ, വർഗ്ഗീസ് മാത്യു കല്ലിരിക്കുംപറമ്പിൽ തടിയൂർ | 1/37A | 109.35 | 15 |
| 2 | ഈസ്റ്റ് & വെസ്റ്റ് ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്, സന്തോഷ് മത്തായി തറയിലേത്ത്, തടിയൂർ | 16/39 | 580 | 15 |
| 3 | സീന ഇന്റർനാഷണൽ ജോസഫ് ആന്റണി കുഴിവേലിക്കുളം, അയിരൂർ സൗത്ത് | 13/24 A | 203.6 | 6 |

ഈ വിഷയം പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (22/23.12.2022) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. ഒരേ ഉടമസ്ഥതയിലും ഉപയോഗക്രമത്തിലും ഉള്ള കെട്ടിടങ്ങളെ

ഒന്നായി പരിഗണിച്ച് വസ്തുനികുതി കണക്കാക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്. ഏതാനും ഉദ്ദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന നികുതി(രൂ/ ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി(രൂ/ ച.മീ) |
|---|---|---|---|---|---|
| 1 | റ്റി ആർ ഹരേകൃഷ്ണൻ, തോട്ടാവള്ളിൽ പത്മാലയം,തടിയൂർ | 1/28/A | 92.15 | 45 | 60 |
| | | 1/28/B | 56.66 | | |
| | | 1/28/C | 81.53 | | |
| | | 1/28/D | 33.35 | | |
| | | 1/28/E | 89.21 | | |
| | | 1/28/F | 186.45 | | |
| | | ആകെ | 539.35 | | |
| 2 | രാജപ്പൻ നായർ, രാഗം നിവാസ് മേമടത്തിൽ, തടിയൂർ | 1/62/A | 38.09 | 45 | 60 |
| | | 1/62/B | 38.09 | | |
| | | 1/62/C | 31.01 | | |
| | | 1/62/D | 26.78 | | |
| | | 1/62/E | 62.77 | | |
| | | | 196.77 | | |
| 3 | വി.ഗിരിലാൽ, ഗീതാ ഭവൻ, ഇടപ്പാവൂർ | 8/287/A | 34 | 45 | 60 |
| | | 8/287/B | 18 | | |
| | | 8/287/C | 12 | | |
| | | 8/287/D | 17 | | |
| | | 8/287/E | 28 | | |
| | | 8/287/F | 31 | | |
| | | 8/287/G | 88 | | |
| | | 8/287/H | 16 | | |
| | | 8/287/I | 14 | | |
| | | ആകെ | 258 | | |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 45 രൂപയും 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 60 രൂപയുമായി നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.)

ഈ വിഷയം ചൂണ്ടിക്കാട്ടി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (22/23.12.2022) നൽകി. അപാകത പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി, വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഫീസ് പിരിവ്- അപാകതകൾ

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

2021-22 സാമ്പത്തിക വർഷം 193 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നു. ഇവയിൽ 31 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫീ അടവാക്കി ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്.

2) എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

2021-22 സാമ്പത്തിക വർഷം 193 സ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ളവ/ഓഫീസ് ആവശ്യത്തിനുള്ളവ എന്നീ ഉപയോഗക്രമങ്ങളിലായി 1025 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കാനാകുന്നില്ല. ലൈസൻസിന്റെ പരിധിയിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും വരുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് എല്ലാ വർഷവും പുതിയ വ്യാപാരസ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും അതനുസരിച്ച് അവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

3) റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 16 റേഷൻകടകളുണ്ടെങ്കിലും തൻവർഷം ഒന്നുംതന്നെ ലൈസൻസ് എടുത്തിട്ടില്ല. എല്ലാ റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## <u>1-15 കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയിട്ടില്ല</u>

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 9പ്രകാരം പെർമിറ്റിനുള്ള അപേക്ഷ സ്വീകരിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ പെർമിറ്റ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. 30ദിവസത്തിനുള്ളിൽ പഞ്ചായത്ത് തീരുമാനം എടുക്കുന്നില്ലെങ്കിൽ പെർമിറ്റ് ലഭിച്ചതായി കണക്കാക്കി പ്രവൃത്തി തുടങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്റർ രജിസ്റ്റർ പരിശോധിച്ചതിൽ നിരവധി അപേക്ഷകൾ നാളിതുവരെ തീർപ്പാക്കിയിട്ടില്ലെന്ന് വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| അപേക്ഷ നമ്പർ | ലഭിച്ച തീയതി |
|---|---|
| 1201/2021 | 17/02/21 |
| 1254/21 | 19/02/21 |
| 1356/21 | 24.02.21 |
| 1716/21 | 08.03.21 |
| 2351/21 | 09.04.21 |
| 2410/21 | 13.04.21 |
| 2559/21 | 30.04.21 |
| 2560/21 | 30.04.21 |
| 2561/21 | 05.05.21 |
| 3111/21 | 28.06.21 |
| 3171/21 | 01.07.21 |
| 3182/21 | 07.07.21 |
| 3659/21 | 29.07.21 |
| 3669/21 | 30.07.21 |
| 3700 | 02.08.21 |

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ കെട്ടിട നിർമ്മാണ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ അപേക്ഷകർ പലരും അനധികൃതമായി നിർമ്മാണം പൂർത്തീകരിക്കുകയും പിന്നീട് ക്രമവത്കരണത്തിന് അപേക്ഷ സമർപ്പിക്കുന്ന സാഹചര്യവുമുണ്ടാകുന്നുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ചുള്ള വിവരങ്ങൾ, കാലതാമസമുണ്ടെങ്കിൽ ആയതിന്റെ കാരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശവും

പാലിക്കപ്പെട്ടിട്ടില്ല. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സെക്രട്ടറിമാർ സ്വീകരിക്കണമെന്ന നിർദ്ദേശവും നടപ്പായില്ല. അപാകതകൾ അടിയന്തിര ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തില്ല

സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തുവരുന്നതായി കണ്ടെത്തി. മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക കൈമാറുന്നതിനാൽ ബന്ധുകൾ അക്കൗണ്ടിൽനിന്നും തുക പിൻവലിച്ചിരിക്കാനാണ് സാധ്യത. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തതിനാൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയ പെൻഷൻ തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | സരോജിനി സി പി | *********721 | വിധവ പെൻഷൻ | 19/03/20 | 4/20-11/22 | 51200 |
| 2 | തളരി ദൈവത്താൻ | *********019 | കർഷക തൊഴിലാളി പെൻഷൻ | 14/04/20 | 5/20-11/22 | 49600 |
| 3 | രത്നമ്മ | *********141 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/05/20 | 6/20-11/22 | 48000 |
| 4 | സരോജിനി | *********928 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/05/20 | 6/20-11/22 | 48000 |
| 5 | എൽസി മാത്യു | *********097 | കർഷക തൊഴിലാളി പെൻഷൻ | 29/06/20 | 7/20-11/22 | 46400 |
| 6 | സി.എൻ.ഭാസ്കരൻ | *********316 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/06/20 | 7/20-11/22 | 46400 |
| 7 | സാറാമ്മ ഫിലിപ്പോസ് | *********486 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/07/20 | 8/20-11/22 | 44800 |
| 8 | ഗോപാലകൃഷ്ണൻ നായർ | *********454 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/07/20 | 8/20-11/22 | 44800 |
| 9 | സരോജിനി | *********928 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/08/20 | 9/20-11/22 | 43200 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഐസക് | *********249 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 30/08/20 | 9/20-11/22 | 43200 |
| 11 | രവീന്ദ്രൻപിള്ള | *********248 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/09/20 | 10/20-11/22 | 41600 |
| 12 | സുമതിയമ്മ | *********927 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 13/09/20 | 10/20-11/22 | 41600 |
| 13 | ഏലിയാമ്മ ജോസഫ് | *********517 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 16/09/20 | 10/20-11/22 | 41600 |
| 14 | ചെല്ലമ്മ | *********539 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/09/20 | 10/20-11/22 | 41600 |
| 15 | പുരുഷോത്തമൻ നായർ | *********097 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/09/20 | 10/20-11/22 | 41600 |
| 16 | രാധാമണിയമ്മ | *********403 | വിധവ പെൻഷൻ | 26/09/20 | 10/20-11/22 | 41600 |
| 17 | തങ്കമ്മ പി എസ് | *********653 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/11/20 | 12/20-11/22 | 38400 |
| 18 | ദാമോദരൻ | *********094 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 29/11/20 | 12/20-11/22 | 38400 |
| 19 | എബ്രഹാം കെ ജി | *********334 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 13/12/20 | 1/21-11/22 | 36800 |
| 20 | കെ.ആർ സുരേന്ദ്രൻ നായർ | *********324 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/03/21 | 4/21-11/22 | 32000 |
| 21 | സൈമൺ | *********179 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/12/20 | 1/21-11/21 | 36800 |
| 22 | കെ പി. ജയദേവൻ | *********056 | ഡിസബിലിറ്റി പെൻഷൻ | 03/08/22 | 9/22-11/22 | 4800 |
| 23* | ജാനകി | *********035 | 06/08/2022 | 06/08/2022 | 9/22-11/22 | 4800 |
| | ആകെ | | | | | 907200 |

(* 7/22-11/22 വരെയുള്ള പെൻഷൻ തുക സഹകരണ ബാങ്കിന് കൈമാറിയെങ്കിലും ഗുണഭോക്താവിന് തുക കൈമാറിയോ ഇല്ലയോ എന്നത് സംബന്ധിച്ച സ്റ്റാറ്റസ് രേഖപ്പെടുത്തിയിട്ടില്ല)

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ് എന്നും പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ

വ്യക്തമാക്കിയിരുന്നു. മേൽ സൂചിപ്പിച്ച വിവരങ്ങൾ പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 വഞ്ചിപ്പാട്ട് പരിശീലനം-പദ്ധതി നിർവ്വഹണത്തിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട്. നം | വഞ്ചിപ്പാട്ട് പരിശീലനം, S0085/22 |
| അടങ്കൽ | 50000(വികസന ഫണ്ട് -ജനറൽ)<br>100000(ജില്ലാ പഞ്ചായത്ത് ഫണ്ട്) |
| ബിൽ നം., തീയതി., തുക | 21050952016101399989, 22.03.2022, 20000 |
| | 21050952016101446103, 25.03.2022, 20000 |
| | 21050952016101494982, 30.03.2022, 10000 |

2021-22 വർഷം ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി വഞ്ചിപ്പാട്ട് പരിശീലനം എന്ന പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ നാല് ഗവ.എൽ പി സ്കൂളുകളിലെ കുട്ടികൾക്ക് വഞ്ചിപ്പാട്ട് ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്നതിന് പരിശീലനം നല്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ടി പരിശീലനത്തിന് പരിശീലകരെ ആവശ്യമുണ്ടെന്ന പത്രപ്പരസ്യം നല്കി ശ്രീ. ഓമനക്കുട്ടൻ നായർ, കടുവാത്തിൽ, കാഞ്ഞേറ്റുകര എന്ന വ്യക്തിയെ പരിശീലകനായി തിരഞ്ഞെടുത്തതായി 21.01.2022ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4/4 നമ്പർ തീരുമാനത്തിൽ നിന്നും വ്യക്തമായി. പദ്ധതി നിർവ്വഹണത്തിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

1) പരിശീലകനായി ശ്രീ. ഓമനക്കുട്ടൻ നായരുടെ അപേക്ഷ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പരിശീലകനെ തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം, പരിശീലന ഫീസ് നിജപ്പെടുത്തിയതിന്റെ വിവരം, ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ സംബന്ധിച്ചതിന്റെ രേഖകൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പരിശീലനം, പ്രതിഫലം എന്നിവ സംബന്ധിച്ച് പരിശീലകൻ നിർവ്വഹണോദ്യോഗസ്ഥയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

3) പരിശീലനത്തിന്റെ ഹാജർ ബുക്ക് പരിശോധിച്ചതിൽ ഫെബ്രുവരിൽ 4 ദിവസവും മാർച്ചിൽ 9 ദിവസവുമാണ് ജി.വി.എൽ.പി.എസ് കാഞ്ഞേറ്റുകര, ജി.എൽ.പി.എസ് അയിരൂർ എന്നീ സ്കൂളുകളിൽ പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. ജി.എൽ.പി.എസ്. പ്ലാങ്കമൺ, ജി. എം.എൽ.പി എസ് തടിയൂർ എന്നീ സ്കൂളുകളിൽ ഫെബ്രുവരിയിൽ 4 ദിവസവും മാർച്ചിൽ 8 ദിവസവുമാണ് പരിശീലനം നടത്തിയിട്ടുള്ളത്. പ്രോജക്ടിൽ വകയിരുത്തിയ 50000 രൂപയും പരിശീലന ഫീസായി നൽകി. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളൊന്നും പാലിക്കാതെ വികസന ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം അറിയിക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(17/22.12.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 50000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ- നികുതി ഒടുക്കിയതിൽ ഇരട്ടിപ്പ്-നഷ്ടം 2.43ലക്ഷം രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മിതി കേന്ദ്രം മുഖേന തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ, ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (235/21, 143/22) എന്ന പ്രോജക്ടിന്റെ ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 6340928 രൂപയായിരുന്നു. ഇതിൽ ജി.എസ്.റ്റി.(റ്റി.ഡി.എസ്, 2%) ഇനത്തിൽ 126819 രൂപയും ഇൻകം ടാക്സ് ഇനത്തിൽ(2%) 126819 രൂപയും ആണ് ഒടുക്കേണ്ടിയിരുന്നത്. എന്നാൽ ടി പ്രോജക്ടിന്റെ ജി.എസ്.റ്റി ഇനത്തിൽ ചെക്ക് നം. 2885361/29.06.21 പ്രകാരം 93720 രൂപയും 993716/05.01.22 എന്ന ചെക്ക് പ്രകാരം 126820 രൂപയും ഉൾപ്പടെ ആകെ 220540 രൂപ തനത് ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തിയിട്ടുണ്ട്, കൂടാതെ ഇൻകം ടാക്സ് ഇനത്തിൽ 993589/30.06.21ചെക്ക് പ്രകാരം 149693 രൂപയും 993715/05.01.22 നമ്പർ ചെക്ക് പ്രകാരം 126819 രൂപയും ഉൾപ്പടെ ആകെ 276512 രൂപ ഒടുക്ക് വരുത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫൈനൽ ബിൽ പ്രകാരം | ഒടുക്കേണ്ട നികുതി തുക | ഒടുക്കിയ നികുതി തുക | അധികം | ആകെ അധികം |
|---|---|---|---|---|

| ആകെ പ്രവൃത്തി മൂല്യം | | | | | | | ഒടുക്കിയ തുക |
|---|---|---|---|---|---|---|---|
| | ജി.എസ്.റ്റി | ഇൻകം ടാക്സ് | ജി.എസ്.റ്റി | ഇൻകം ടാക്സ് | ജി.എസ്.റ്റി | ഇൻകം ടാക്സ് | |
| 6340928 | 126819 | 126819 | 220540 | 276512 | 93720 | 149693 | 243413 |

പാർട്ടു ബില്ലുകളിൽ നിന്നും കുറവ് ചെയ്യതും ഒടുക്ക് വരുത്തിയതുമായ ജി.എസ്.റ്റി 93720 രൂപയും ഇൻകം ടാക്സ് 149693 രൂപയും ഫൈനൽ ബിൽ പ്രകാരം ടി ഇനങ്ങളിലുള്ള ആകെ നികുതി ബാധ്യതയിൽ നിന്നും കുറവ് ചെയ്യാതെ മുഴുവൻ തുകയും വീണ്ടും ഒടുക്കിയതിനാലാണ് തനത് ഫണ്ടിൽ നിന്നും 243413 രൂപ അധികമായി ഒടുക്കുവാനിടയായത്. ബില്ലുകൾ തയ്യാറാക്കിയതിലും അക്കൗണ്ടിംഗിലുമുണ്ടായ പിഴവും കൃത്യമായ മേൽനോട്ടം ഇല്ലാതിരുന്നതുമാണ് ഇത്തരത്തിൽ അധികം തുക ഒടുക്കുന്നതിന് ഇടയാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. അധികമായി ഒടുക്കു വരുത്തിയ തുക തിരികെ ലഭിക്കുന്നതിലേക്ക് പുതുക്കിയ നികുതി റിട്ടേൺ ഫയൽ ചെയ്യുകയും ഒടുക്കു വരുത്തിയതിന്റെ രേഖകൾ സഹിതം ബന്ധപ്പെട്ട വകുപ്പുകളുമായി കത്തിടപാട് നടത്തി നികുതി ഒടുക്കിയതിലുണ്ടായ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ഗ്രാമപഞ്ചായത്ത് ഓഫീസിന് അടിസ്ഥാന സൗകര്യം ഒരുക്കൽ-നിർമ്മിതി കേന്ദ്രം മുഖേന നടത്തിയ പ്രവൃത്തി-ഗുരുതര പിഴവുകൾ

ഗ്രാമപഞ്ചായത്ത് ഓഫീസിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയതിൽ നിരവധി അപാകതകളുണ്ടായിട്ടുണ്ട്. നിർമ്മിതി കേന്ദ്രം നേരിട്ട് നടപ്പിലാക്കിയ ഈ പ്രവൃത്തിയ്ക്ക് കോൺട്രാക്ടറുടെ ലാഭവിഹിതം ഉൾപ്പടെയുള്ള നിരക്ക് അനുവദിച്ചതുവഴി അർഹമായതിലും അധികം തുക നിർവ്വഹണ സ്ഥാപനത്തിന് നൽകുവാൻ ഇടയായി.

അയിരൂർ ഗ്രാമപഞ്ചായത്ത് ഓഫീസിനെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 2017-18 വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് അടിസ്ഥാന സൗകര്യ മെച്ചപ്പെടുത്തൽ എന്ന പേരിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തിരം പ്രവൃത്തി നടത്തുന്നതിന് ഉദ്ദേശിച്ചാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയത്. നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 5175000 രൂപയുടെ എസ്റ്റിമേറ്റും, പ്ലാനും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും 27.02.18-ൽ ജില്ലാ ആസൂത്രണസമിതി പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. ഇതനുസരിച്ച് നിർവ്വഹണ സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടെങ്കിലും 2018-ലെ വെള്ളപ്പൊക്കത്തിൽ കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് കേടുപാടുകൾ പറ്റിയതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറേഞ്ച്മെന്റിൽ മാറ്റം വരുത്തുവാൻ തീരുമാനിക്കുകയും 7230395 രൂപയുടെ റിവെസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി വാങ്ങുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സിവിൽ വർക്ക് | 2375485.00 |
| 2. | പാർട്ടീഷൻ വർക്ക്, റാക്ക് , നെയിം ബോർഡ് | 2311802 |
| 3 | ഫർണ്ണിഷിംഗ് | 1107524 |
| 3. | പുതിയതും നിലവിലുള്ളതുമായ ടോയ് ലറ്റുകൾക്ക് സാനിട്ടറി & പ്ലംബിംഗ് വർക്ക് | 100000 |
| 4 | നെറ്റ് വർക്ക് | 300000 |
| 5 | ഇലക്ട്രിഫിക്കേഷൻ | 500000 |
| | ആകെ | 6694811 |
| | ജി.എസ്.ടി. പ്രോവിഷൻ (8%) | 535584.88 |
| | **ആകെ മൊത്തം** | **7230395.88 =7230000** |

നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 72.3 ലക്ഷം രൂപയുടെ റിവെസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുള്ളത് എസ്റ്റിമേറ്റ് തയ്യാറാക്കിയ നിർമ്മിതി കേന്ദ്രത്തിലെ പ്രോജക്ട് എഞ്ചിനീയർ

തന്നെയാണ്. 12മാസമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തും നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്ററിൽ ഏർപ്പെട്ടു (7/12/18-ലെ 37/DNK/2017-18) 2017-18 വാർഷിക പദ്ധതിയിൽ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 13,45,915 രൂപയും, തനത് ഫണ്ടിൽനിന്നും 16,54,085 രൂപയും ഉൾപ്പടെ ആകെ 30,00,000 രൂപയായിരുന്നു പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നത്. ഇതിൽനിന്നും ആകെ അടങ്കലിന്റെ 20% തുകയായ 1035000 രൂപ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മുൻകൂറായി നൽകി. 2020-21 വർഷത്തെ ബഹുവർഷ പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും 126675 രൂപയും തനത് ഫണ്ടിൽ നിന്ന് 6068325 രൂപയുമാണ് വകയിരുത്തിയിരുന്നത്. 2021-22വർഷം തനത് ഫണ്ടിൽ നിന്നും 3857116 രൂപ വകയിരുത്തി സ്പിൽഓവർ അനുമതിയും വാങ്ങിയിട്ടുണ്ട്. 6340928 രൂപ ആകെ പ്രവൃത്തിമൂല്യമുള്ള ടി പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള 8% ജി.എസ്.റ്റി കണക്കാക്കിയാണ് തുക നൽകിയിരിക്കുന്നത്. നിർമ്മിതി കേന്ദ്രത്തിന് നാളിതുവരെ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | വിശദാംശം |
|---|---|---|
| അഡ്വാൻസ് | 1035000 (Plan Fund) | 27.03.2018 |
| ആദ്യ പാർട്ട് ബിൽ | 1688000 (Own Fund) | 12/06/2020 |
| രണ്ടാം പാർട്ട് ബിൽ | 1766551 (Own Fund)<br>126675 (Plan Fund) | 03/12/2020<br>02/12/2020 |
| ഫൈനൽ ബിൽ | 1539434 (Own Fund) | 07/12/2021 |

ഫൈനൽ ബിൽ പ്രകാരമുള്ള തുകയിൽ നിന്നും നാളിതുവരെ നൽകിയ തുകകളും നികുതി ബാധ്യതയും(GST-126819, IT -126819, KCWWF-63409) കുറവ് ചെയ്ത് 1914929 രൂപയാണ് നിർമ്മിതി കേന്ദ്രത്തിന് നൽകേണ്ടിയിരുന്നതെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം 1539434 രൂപയാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് 2022-23 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി) 311/2014/ഫിൻ30/07/2014 ഉത്തരവ് പ്രകാരം സ്വന്തമായ എൻജിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകൾക്ക് മാത്രമാണ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികളെ വർക്ക് ഏൽപ്പിച്ചുനൽകുവാൻ അനുമതിയുള്ളൂ. സ്വന്തമായി എൻജിനീയറിംഗ് വിംഗ് ഉള്ള വകുപ്പുകൾക്ക് തങ്ങളുടെ എൻജിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനമില്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിച്ചുനൽകുന്നതിന് വ്യവസ്ഥയുള്ളൂ. ഈ പ്രവൃത്തിയുടെ കാര്യത്തിൽ ലോ കോസ്റ്റ് ടെക്നോളജി പ്രകാരമുള്ള എസ്റ്റിമേറ്റല്ല മറിച്ച് പി.ഡബ്ല്യു.ഡി. ഡാറ്റ പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് നിർമ്മിതി കേന്ദ്രം മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫർണ്ണിഷിംഗ് പ്രവൃത്തിയും നിർമ്മിതി കേന്ദ്രം നേരിട്ട് ചെയ്തിരിക്കുകയാണ്.

2) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, സാങ്കേതികാനുമതി നൽകുന്നതും, പ്രവൃത്തിയുടെ നിർവ്വഹണവും, മേൽനോട്ടവും, അളവ് രേഖപ്പെടുത്തലും, ചെക്ക് മെഷർമെന്റ് എടുക്കുന്നതും ബില്ല് തയ്യാറാക്കുന്നതുൾപ്പടെയുള്ള പ്രവർത്തനങ്ങൾ എല്ലാം നിർമ്മിതി കേന്ദ്രത്തിന്റെ എൻജിനീയർമാരാണ് നിർവ്വഹിച്ചിരിക്കുന്നത്. ഇത് പ്രോജക്ട് നിർവ്വഹണത്തിന്റെ സുതാര്യതയെ ഇല്ലാതാക്കുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് ശക്തമായ എഞ്ചിനീയറിംഗ് വിഭാഗമുള്ള സാഹചര്യത്തിൽ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പാലിച്ച് ടെണ്ടർ നടപടികളിലൂടെ പ്രവൃത്തി നടത്തേണ്ടതിനു പകരം നിർമ്മിതികേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിക്കുകയാണുണ്ടായത്. വിശദമായ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് എൻജിനീയറുടെ ചുമതലയിലും മേൽനോട്ടത്തിലും തയ്യാറാക്കേണ്ടതാണെന്ന് പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം6(2)-ൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികളുടെ ചുമതലയുള്ള AE/AExE/EE-ൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയിരിക്കേണ്ടതാണെന്ന് ചട്ടം7-ൽ വ്യക്തമാക്കിയിട്ടുണ്ട്.

3) മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുന്ന ഈ പ്രോജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥന്റെ അംഗീകാരം മാത്രം ആവശ്യമുള്ള കാറ്റഗറി 3 പ്രോജക്ട് ആയിട്ടാണ് ഇത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ അംഗീകാരവും

സാങ്കേതികാനുമതിയും നൽകുന്ന കാറ്റഗറി 4 പ്രോജക്ടായി വേണമായിരുന്നു ഈ പ്രോജക്ട് ആവിഷ്കരിക്കേണ്ടിയിരുന്നത്. സാങ്കേതിക അനുമതി വാങ്ങാതെ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല. എൻജിനീയറിംഗ് വിഭാഗത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സാങ്കേതിക അനുമതി വാങ്ങി വേണം അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവൃത്തി നടപ്പിലാക്കേണ്ടതെന്ന് ജി.ഒ(പി) 95/2017/ഫിൻ തീ.25/07/2017 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

4) മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ് എന്നിവ അടങ്ങിയ ഡി.എസ്.ആർ പ്രകാരമുള്ള റേറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതു കൂടാതെ ആകെ പ്രവൃത്തിമൂല്യത്തിന്റെ 8% തുക സെന്റേജ് ചാർജ് ഇനത്തിലും ഈടാക്കിയിട്ടുണ്ട്. ജി.ഒ(പി) 95/2017/ഫിൻ തീ.25/07/2017 നമ്പർ ഉത്തരവ് പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെ കോൺട്രാക്ടറെ തെരഞ്ഞെടുത്താണ് പ്രവൃത്തി നടത്തുന്നതെങ്കിൽ മാത്രമേ കരാറുകാരുടെ ലാഭ വിഹിതം അനുവദനീയമായിട്ടുള്ളു. ഏജൻസി നേരിട്ട് നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്ക് കരാറുകാരുടെ ലാഭ വിഹിതം അനുവദനീയമല്ല. എന്നാൽ ഓവർഹെഡ് ചാർജും സെന്റേജ് ചാർജും അനുവദിക്കാവുന്നതാണ്. ജില്ലാ നിർമ്മിതി കേന്ദ്രം നേരിട്ട് നിർവ്വഹിച്ച ടി പ്രോജക്ടുകൾക്ക് കരാറുകാരുടെ ലാഭവിഹിതം(10%) ഉൾപ്പെടുത്തിയ നിരക്ക് അനുവദിച്ചത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇപ്രകാരം ചെയ്തത് മൂലം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 10% തുക കരാറുകാരുടെ ലാഭ വിഹിതം ഇനത്തിൽ അധികമായി നർവ്വഹണ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

5) അക്രഡിറ്റഡ് ഏജൻസിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും നിർമ്മാണ വേളയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് അനുയോജ്യമായ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവ് ഒബ്സർവേഷൻ കാലയളവായി രിക്കുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ആകെ പ്രവൃത്തിമൂല്യത്തിന്റെ 5% തുക പെർഫോമൻസ് ഗ്യാരണ്ടിയായി സൂക്ഷിക്കേണ്ടതും ഒബ്സർവേഷൻ പീരിയഡ് വിജയകരമായി പൂർത്തീകരിച്ചതിന് ശേഷം മാത്രം തിരികെ നൽകേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല.

6) ബില്ലിൽ നിന്നും കുറവ് ചെയ്ത ജി.എസ്.റ്റി., ഇൻകം ടാക്സ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഒടുക്കിയതിന്റെ രേഖകൾ പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് അസി.എൽജിനീയർ മുഖേന കോൺട്രാക്ടറുടെ ലാഭവിഹിതം ഇനത്തിൽ നിർമ്മിതി കേന്ദ്രത്തിന് അധികം നൽകിയ തുക കണക്കാക്കേണ്ടതും നൽകുവാനുള്ള തുകയിൽ ക്രമീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതികൾ- 43.35 ലക്ഷം രൂപ നിക്ഷേപിച്ച് 11 വർഷങ്ങൾ കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ല.

കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികൾക്കായി 2010-11, 2011-12, 2012-13 വർഷങ്ങളിൽ 43.35 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പദ്ധതികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | വർഷം | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | കാവ്മുക്ക് പുലിപ്പാറത്തടം സെറ്റിൽമെന്റ് കോളനി ചെറുകിട കുടിവെള്ള പദ്ധതി( 64/12, 161/13) | 2011-12 | 15,00,000 |
| | | 2012-13 | 700000 |
| | | | **2200000** |
| 2 | ചിരട്ടോലിൽ ഐ.എച്ച്.ഡി.പി. കോളനി കുടിവെള്ള പദ്ധതി, 102/12 | 2010-11 | 700000 |
| | | 2011-12 | 390000 |
| | | | **1090000** |
| 3 | മുണ്ടപ്ലാക്കൽ ഭാഗം കുടിവെള്ള പദ്ധതി, 101/12 | 2010-11 | 7000000 |
| | | 2011-12 | 345000 |
| | | | **1045000** |
| | ആകെ | | **4335000** |

ഈ പദ്ധതികളൊന്നും തന്നെ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അംഗങ്ങൾ അറിയിച്ചു. പൂർത്തീകരണ രേഖകൾ ഗ്രാമപഞ്ചായത്തിലുമില്ല. പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കാത്തത് മൂലം ഫണ്ട് ചെലവഴിച്ചിട്ടും ടി പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥയാണ്. തുക നിക്ഷേപിക്കുന്നതല്ലാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച് യാതൊരു മോണിട്ടറിംഗും നടക്കുന്നില്ല. ഈ വിഷയത്തിൽ അടിയന്തിര പരിശോധന നടത്തേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണരേഖകളില്ല : നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് 87. 75 ലക്ഷം രൂപ

കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന 2012-13 മുതൽ 2021-22 വർഷം വരെ ഒട്ടേറെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വാർഷിക കണക്ക് പ്രകാരം ഇപ്പോഴും അഡ്വാൻസ് ആയി തന്നെ അക്കൗണ്ട് ചെയ്തിരിക്കുകയാണ്. അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, നിർവ്വഹണ ഏജൻസിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ് എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | വർഷം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 2 | ചക്കിട്ടത്തറയിൽ - തടത്തിൽത്തറയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO191/13 | 65000 | 2012-13 | കേരള വാട്ടർ അതോറിറ്റി |
| 3 | അയിരൂർ- പുതിയ കുടിവെള്ള പദ്ധതി SO66/13 | 23500 | -ടി- | -ടി- |
| 4 | ചാക്കമാർ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO98/14 | 50000 | 2013-14 | -ടി- |
| 5 | കാവുംപുറത്ത് - തെക്കേക്കര കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO159/14 | 303000 | -ടി- | -ടി- |
| 6 | കാവുംമുക്ക് - പുലിപ്പാറത്തടം സെറ്റിൽമെന്റ് കോളനി മിനി വാട്ടർ സ്ക്കീം SO152/14 | 400000 | -ടി- | -ടി- |
| 7 | കൊക്കാവള്ളി കോളനിയിൽ കുഴൽക്കിണർ നിർമ്മാണം SO153/14 | 34230 | -ടി- | ഭൂജല അതോറിറ്റി |
| 8 | കൊല്ലമേത്ത് പ്ലാച്ചേരി ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO24/15 | 110000 | 2014-15 | കേരള വാട്ടർ അതോറിറ്റി |
| 9 | ശ്രാമഠത്തിൽപ്പടി മുതൽ കാമ്പൂപ്പാറ വരെ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ SO152/15 | 43873 | -ടി- | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| 10 | പ്ലാങ്കമൺ പേരൂർച്ചാൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO8/16 | 47150 | 2015-16 | -ടി- |
| 11 | മുക്കുഴി പൂവൻമല റോഡിൽ വാസുപ്പടി മുതൽ മുക്കുഴി വരെ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO9/16 | 50000 | -ടി- | -ടി- |
| 12 | പ്ലാച്ചേരി പന്നികുന്നിൽ റോഡിൽ പ്ലാച്ചേരി ഐ.പി.സി പടി മുതൽ കോളാകോട്ട് പടി വരെ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO112/16 | 50000 | -ടി- | -ടി- |
| 13 | കൊക്കാവള്ളി കോളനി മിനി വാട്ടർ സ്ക്കീം SO198/16 | 370000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 14 | കാവുമുക്ക് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO99/17 | 300000 | 2016-17 | -ടി- |
| 15 | വാർഡ് 16 ലെ വിവിധ ഭാഗങ്ങളിലും വാർഡ് 14 ലെ കണ്ണങ്കരേത്ത് മുണ്ടപ്ലാക്കൽ ഭാഗത്തും സ്ട്രീറ്റ് ലൈൻ SO124/17 | 287400 | -ടി- | കെ.എസ്.ഇ.ബി |
| 16 | വാർഡ് 16 ലെ തടത്തേമുക്ക് വട്ടപ്പാറ റോഡിലും പുത്തേഴം സൊസൈറ്റിപ്പടിയിലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO190/17 | 42000 | -ടി- | -ടി- |
| 17 | വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO204/17 | 207471 | -ടി- | -ടി- |
| 18 | 14 -ാം വാർഡിൽ മുണ്ടപ്ലാക്കൽ ചട്ടോലി ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO217/17 | 90000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 19 | മുളവേലിക്കുഴി ചട്ടോലിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO66/18 | 350000 | 2017-18 | -ടി- |
| 20 | മുളവേലിക്കുഴി ചട്ടോലിൽ കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO74/18 | 16800 | -ടി- | കെ.എസ്.ഇ.ബി |
| 21 | വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി | 120910 | -ടി- | -ടി- |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | | |
| 22 | കടയാർ സെറ്റിൽമെന്റ് കോളനി എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO210/18 | 720000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 23 | വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ SO18/19 | 581999 | 2018-19 | കെ.എസ്.ഇ.ബി |
| 24 | വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO19/19 | 114000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 25 | മുളവേലിക്കൽ ഭാഗത്ത് പൈപ്പ് ലൈനും പൊതുടാപ്പും | 50000 | -ടി- | -ടി- |
| 26 | സ്ട്രീറ്റ് ഗ്രാമ പ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ലൈൻ എക്സ്റ്റൻഷൻ, 167/20 | 82128 | 2019-20 | കെ.എസ്.ഇ.ബി |
| 27 | നാലാം വാർഡിലെ വിവിധ ഭാഗങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ലൈൻ എക്സ്റ്റൻഷൻ, 256/20 | 191160 | 2019-20 | കെ.എസ്.ഇ.ബി |
| 28 | 8-ാം വാർഡിലെ മൂക്കന്നൂർ കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ അറ്റകുറ്റപ്പണി (S0124/21) | 68,000 | 2020-21 | ഭൂഗർഭജല വകുപ്പ് |
| 29 | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S0130/21) | 4,63,925 | 2020-21 | കെ.എസ്.ഇ.ബി |
| 30 | 12-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0230/21) | 48,581 | 2020-21 | കെ.എസ്.ഇ.ബി |
| 31 | 4-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0242/21) | 51408 | 2020-21 | കെ.എസ്.ഇ.ബി |
| 32 | ചെറുകരപ്പടി വെള്ളവാളിപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0143/21) | 13,086 | 2020-21 | കെ.എസ്.ഇ.ബി |
| 33 | 10-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് | 75,208 | 2020-21 | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ (S0144/21) | | | |
| 34 | 16-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0220/21) | 99,899 | 2020-21 | കെ.എസ്.ഇ.ബി |
| 35 | മനാട്ടപടി വാഴയിൽപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0050/21) | 250000 | 2020-21 | വാട്ടർ അതോറിറ്റി |
| 36 | ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S030/21) | 633424 | 2020-21 | വാട്ടർ അതോറിറ്റി |
| 37 | ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0241/21) | 20,00,000 | 2020-21 | വാട്ടർ അതോറിറ്റി |
| 38 | പൊതു കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി- കടയാർ സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി, 113/22 | 100000 | 2021-22 | ഭൂജല വകുപ്പ് |
| 39 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 111/22 | 271500 | 2021-22 | വാട്ടർ അതോറിറ്റി |
| | | 8775652 | | |

നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം ഡെപ്പോസിറ്റ് പ്രവത്തികൾക്കായി തുക കൈമാറിയത് നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെടാതെയാണ്. കരാർ നിബന്ധനകൾ രേഖപ്പെടുത്തി നിർവ്വഹണ ഏജൻസികൾക്ക് കൈമാറാതെ മുദ്രപ്പത്രം പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഏക വർഷ പദ്ധതിയായി അംഗീകാരം നേടി അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട പ്രോജക്ട് ആയിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രമാണ് (03/22) നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറിയത്. നിർവ്വഹണ ഏജൻസികൾക്ക് അതാത് സാമ്പത്തിക വർഷം നവംബർ 30-നകം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള തുക കൈമാറണമെന്ന് 20/11/18-ലെ ഡി.എ/1978/2018/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. സമയബന്ധിതമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കുന്നതിനാണ് ഈ നിർദ്ദേശം നൽകിയത്. ഈ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല. ഈ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് തുക (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ഡെപ്പോസിറ്റ് ചെയ്ത തീയതി |
|---|---|---|---|
| ഭൂജല വകുപ്പ് | 113/22 | 100000 | 16.03.22 |
| വാട്ടർ അതോറിറ്റി | 111/22 | 271500 | 30.03.22 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് അന്തിമ ബില്ലും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 ധനകാര്യ കമ്മീഷൻ (റൈറ്റഡ്) ഗ്രാന്റ് വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കുന്നതിനായി വകമാറ്റി

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത് അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ്. അടിസ്ഥാന വിഹിതത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം തുക ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും, ബാക്കി 50 ശതമാനം തുക കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും, പുന:ചംക്രമണവും (Reuse/Recycling Of Water) എന്നീ നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളുവെന്ന് സ.ഉ(കൈ)നം.103/2020/ത.സ്വ.ഭ.വ തീ.30/06/2020, സ.ഉ(കൈ)നം. 591/2021 തീയതി 25.02.2021 എന്നീ ഉത്തരവുകളിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. പൊതു കുടിവെള്ള പദ്ധതികൾ ഉൾപ്പടെ മേൽ സൂചിപ്പിച്ച തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് ആ മേഖലയിൽ സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിരിക്കുന്നത് . എന്നാൽ ഗ്രാമപഞ്ചായത്തിൽ പൊതു ടാപ്പുകളുടെ കുടിവെള്ളച്ചാർജ്ജ് അടയ്ക്കുന്നതിനും സ്കൂളുകളുടേയും അങ്കണവാടികളുടേയും കുടിവെള്ള കുടിശ്ശിക ഒടുക്കുന്നതിനും ധനകാര്യ കമ്മീഷൻ (ടൈഡ്) ഉപയോഗിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നം | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ളക്കരം ഒടുക്കൽ, 110/22 | സെക്രട്ടറി | 1000000 | 1000000 |
| ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ കുടിവെള്ളക്കരം കുടിശ്ശിക ഒടുക്കൽ, 207/22 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 86500 | 78020 |
| ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ കുടിവെള്ളക്കരം കുടിശ്ശിക ഒടുക്കൽ, 207/22 | എച്ച്.എം. | 68500 | 68500 |

ഇപ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. ഇത്തരത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റുന്നത് തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 എ.ബി.സി പ്രോഗ്രാം-മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആനിമൽ ബെർത്ത് കൺട്രോൾ(എ.ബി.സി) പ്രോഗ്രാമിന് വിഹിതം നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കുകയും (നം.4/2022) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ 50000രൂപ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ജില്ലാമിഷന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ മിഷൻ 49000രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ആണ്

ഉപയോഗിച്ചിരിക്കുന്നത്.മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയും അനുബന്ധ ഉത്തരവുകളും പ്രകാരവും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയായ ജി.ഒ(കൈ)നം. 11/2018/ത.സ്വ.ഭ.വ തീ.29/01/18 ഖണ്ഡിക 6.7 പ്രകാരമുള്ള നിബന്ധന അനുസരിച്ചും എ.ബി.സി പ്രോഗ്രാമിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ കഴിയില്ല. വികസന ഫണ്ട്/തനത് ഫണ്ട് ഉപയോഗിക്കേണ്ട പ്രോജക്ടിനാണ് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(26/24.12.22) മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ ഭരണതലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 സ്പോർട്ട്സ് കിറ്റ് വിതരണം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി

രജിസ്റ്റേഡ് യൂത്ത് ക്ളബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം (90/22) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 50000 രൂപ വകയിരുത്തുകയും ക്വട്ടേഷൻ ക്ഷണിച്ച് സൂസൻ സ്പോർട്ട്സ്, കോഴഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 50000 രൂപയുടെ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്( ബിൽ റഫറൻസ് നം- 8444/ 27.03.22). വാങ്ങിയ ഉപകരണങ്ങൾ മോർണ്ണിംഗ് സ്റ്റാർ ക്രിക്കറ്റ് ക്ളബ്, വെള്ളിയറ സ്ട്രൈക്കേഴ്സ് എന്നീ രണ്ട് ക്ലബുകൾക്കായി നൽകിയിരിക്കുന്നു. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പരിഷ്കരിച്ചുകൊണ്ടുള്ള Go(P) 811/2018/Lsgdതീ.20.03.18 ഉത്തരവ് പ്രകാരം രജിസ്ട്രേഷനുള്ള സ്പോർട്ട്സ് ക്ലബുകൾക്ക് 5000 രൂപയുടെ ഉപകരണങ്ങളാണ് പരമാവധി നൽകാവുന്നത്. ഈ ഉത്തരവ് പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/24.12.22) മറുപടി നൽകിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം രണ്ട് രജിസ്റ്റേഡ് സ്പോർട്ട്സ് ക്ലബുകൾക്ക് പരമാവധി അനുവദിക്കാവുന്നത് 10000 രൂപയുടെ സ്പോർട്ട്സ് ഉപകരണങ്ങളാണ്. അധികമായി ചെലവഴിച്ച 40,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ അവഗണിക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തി പ്രോജക്ട് (14/22) ആവിഷ്കരിച്ച് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 119630രൂപ ചെലവഴിച്ച് രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും രണ്ട് പ്രിന്ററും സി.പി.ആർ.സി.എസ്. മുഖേന വാങ്ങിയിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയർ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലേയ്ക്ക് നൽകുവാനാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്. എന്നാൽ വി.ഇ.ഒ ഓഫീസിന് ഉപകരണങ്ങൾ നൽകിയിട്ടില്ല. ടി കമ്പ്യൂട്ടറും പ്രിന്ററും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ആണ് ഉപയോഗിക്കുന്നത്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുവാൻ കഴിയില്ല എന്നതിനാലാണ് ഇത്തരത്തിൽ പ്രോജക്ട് ആവിഷ്കരിക്കുന്നത്. 2020-21 വർഷം കൃഷി ഓഫീസിനായി വാങ്ങിയ കമ്പ്യൂട്ടർ ഫ്രണ്ട് ഓഫീസിൽ ആണ് ഉപയോഗിക്കുന്നത് എന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. യു.പി.എസ് വാങ്ങി നൽകാതെ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നൽകുന്നത് കൊണ്ട് ഘടക സ്ഥാപനങ്ങൾക്ക് അവ ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയും ഉണ്ടാകുന്നുണ്ട്. വി.ഇ.ഒ ഓഫീസിൽ നിലവിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ ഇതേ കാരണത്താൽ ഉപയോഗക്ഷമമല്ല.

ജി.ഒ(ആർ.റ്റി)99/2021/ഐ.റ്റി.ഡി.തീ.23.07.21 പ്രകാരം വകുപ്പുകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം E-Goverance പദ്ധതിയുടെ ഭാഗമായി ഡെസ്ക്ടോപ്പുകൾക്കു പകരം ലാപ്ടോപ്പുകൾ വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. E-Goverance നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്ഥാപനമായിട്ടും ടി സർക്കാർ ഉത്തരവ് പാലിക്കാതെ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറാണ് വാങ്ങിയത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/24.12.22) മറുപടി നൽകിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 പട്ടികജാതി കോളനികളിൽ സാംസ്കാരിക നിലയം : എം-ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പട്ടികജാതി കോളനിയിൽ സാംസ്കാരിക നിലയം എന്ന പ്രോജക്ടിന്റെ (142/22)മെഷർമെന്റ് രേഖപ്പെടുത്തിയ എം-ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയാണ് ഈ പ്രവൃത്തി നടത്തിയിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് ഫണ്ട് 1040000വകയിരുത്തി നടപ്പിലാക്കിയ ഈ പ്രോജക്ട് റീ-ഇടെണ്ടർ പ്രകാരം ശ്രീ.സുധീർ എന്ന കോൺട്രാക്ടർ മുഖേനയാണ് ചെയ്തിരിക്കുന്നത്. 04/09/20-ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ച പ്രവൃത്തി 26/03/21-ൽ പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 580862 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. ആകെ ചെലവ്(650566, ;ചെക്ക് നം. 3245263/26.08.21). 48/2020-21 , 48/2020-21 (B) എന്നീ എം-ബുക്കുകളാണ് പ്രവൃത്തിയ്ക്കായി ഉപയോഗിച്ചിരിക്കുന്നത്. 48/2020-21 എന്ന എം-ബുക്കിലാണ് മെഷർമെന്റ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അസി.എൻജിനീയറും അസി.എക്സിക്യൂട്ടീവ് എൻജിനീയറും റണ്ണിംഗ് അക്കൗണ്ട് ബില്ലിൽ (ഫോം 23) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ എം.ബുക്ക് ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 650566 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്ക് വരുത്തിയില്ല

തനത് ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവ വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ കുറവ് ചെയ്ത തുക നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികളുടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൃത്യമായി ഒടുക്കുന്നില്ല എന്ന് വിജിലൻസ് വകുപ്പ് സർക്കാറിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ അന്തിമ ബില്ല് നൽകുന്നതോടൊപ്പം തന്നെ ആയത് ഒടുക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 01/01/21-ലെ ഇ21/11366/സി.ഇ/എൽ.ഐ.ഡി.& ഇ.ഡബ്ലൂ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിനായി വകയിരുത്തിയ ഫണ്ടിനം | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ കുറവ് ചെയ്ത തുക |
|---|---|---|
| 143/22 | തനത് ഫണ്ട് | 63409 |
| 130/22, 135/22, 129/22, 127/22, 115/22, 128/22, 132/22, 131/22, 123/22, 205/22, 134/22, 209/22, 133/22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17823 |
| ആകെ | | 81232 |

ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 പൊതുടാപ്പുകളുടെ വെളളക്കരം-15 ലക്ഷം രൂപ ഒടുക്കിയെങ്കിലും കുടിശിക കുറവ് ചെയ്തില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.110/22 പ്രകാരം പൊതുടാപ്പുകളുടെ വെളളക്കര കുടിശിക ഒടുക്കുന്നതിന് ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റിൽ നിന്നും 1000000 രൂപയും (ബിൽ നം.73/26.10.21) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 500000 രൂപയും (ബിൽ റഫറൻസ് നം.2035/31.03.22) വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് 'ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. തുക ഒടുക്കിയതിന്റെ വിവരം യൂ.റ്റി.ആർ

നമ്പർ സഹിതം വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടില്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേന ഒടുക്കുവരുത്തിയ തുകയുടെ വിവരം വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിക്കാതിരുന്നത് വീഴ്ചയാണ്. വാട്ടർ അതോറിറ്റി പിന്നീട് നൽകിയ ബില്ലുകളിൽ ഒന്നും തന്നെ ഈ തുക കുറവ് ചെയ്തിട്ടില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ മാസത്തെ ബില്ലുകളും ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 1500000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഒടുക്കിയ തുകയ്ക്കനുസരിച്ച് കുടിശ്ശിക ഡിമാന്റ് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വാട്ടർ അതോറിറ്റിയിൽനിന്നും ഔദ്യോഗിക രസീതി ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-30 പൊതുടാപ്പുകളുടെ വെള്ളക്കരം- ബാധ്യത 1.4കോടി രൂപ

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക 2022ഡിസംബർ മാസത്തെ കണക്ക് അനുസരിച്ച് 1.4 കോടി രൂപയാണ്. വെള്ളക്കരം പ്രതിമാസം കൃത്യമായി ഒടുക്കാതിരുന്നതിനാലാണ് 2% നിരക്കിൽ പലിശയും, പിഴപലിശയും ചേർന്ന് ഇത്രയും കുടിശികയായത്. 2020-21 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 15ലക്ഷം രൂപയും 2021-22 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 5 ലക്ഷം രൂപയും ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റിൽ നിന്നും 10ലക്ഷം രൂപയുമുൾപ്പടെ 30 ലക്ഷം രൂപ ഒടുക്കിയെങ്കിലും ആയത് കുടിശികയിൽ കുറവ് ചെയ്തിട്ടില്ലെന്ന് 30/10/22-ലെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികൾ മുഖേനയും ജലജീവൻ മിഷൻ മുഖേനയും മിക്കവാറും എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകിയതിനാൽ മുഴുവൻ പൊതുടാപ്പുകളും പ്ലഗ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് 13/06/22-ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും തുടർ നടപടികളുണ്ടായിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കുടിവെള്ളക്കരം മാത്രമാണ് ഒടുക്കുന്നതെന്ന് ഉറപ്പാക്കാനും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പ്രതിമാസ കുടിവെള്ള കരമിനത്തിൽ 225956 രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. പ്രതിമാസ കുടിവെള്ള ചാർജ് സമയബന്ധിതമായി ഒടുക്കേണ്ടതും ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി പലിശ/പിഴപ്പലിശ ഇളവ് വാങ്ങി, സർക്കാർ അനുമതിയോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് ബാധ്യത തീർപ്പാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 സ്കൂളുകളുടെ വെള്ളക്കരം യഥാസമയം ഒടുക്കുവരുത്തുന്നില്ല

ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിലുള്ള വെള്ളിയറ, ഗവ.എൽ.പി.സ്കൂളിന്റെ വെള്ളക്കരക്കുടിശ്ശിക അടയ്ക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 68500രൂപ ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബില്ല് പ്രകാരം ദ്വൈമാസ വാട്ടർ ചാർജ് 420 രൂപയും കുടിശ്ശികയായി 75165 രൂപയും 506 രൂപ പിഴയും ഉൾപ്പെടെ ആകെ 76095 രൂപയാണ് അടയ്ക്കേണ്ട തുക. കുടിശ്ശികത്തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും വെള്ളക്കരം യഥാസമയം ഒടുക്കാതെ കുടിശ്ശിക വരുത്തിയതിന്റെ കാരണം അറിയിക്കുന്നതിനും ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. 2013 മെയ് മാസം മുതൽ വെള്ളക്കരം യഥാസമയം അടക്കാതെയാണ് വലിയൊരു തുക കുടിശ്ശികയായത് എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. യഥാസമയം വെള്ളക്കരം ഒടുക്കുവരുത്തുന്നതിലും പഞ്ചായത്തിൽ നിന്ന് തുക തിരികെ റിക്കൂപ്പ് ചെയ്യുന്നതിനുമുള്ള നടപടികൾ ടി കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥർ കൈക്കൊണ്ടിട്ടില്ല. കുടിശ്ശിക തുകയുടെ വിവരങ്ങൾ പഞ്ചായത്തിനെ അറിയിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള മറ്റ് സ്കൂളുകളിലും വെള്ളക്കര കുടിശ്ശിക ഇനത്തിൽ വലിയ തുക ഒടുക്കു വരുത്താൻ അവശേഷിക്കുന്നുണ്ട്. സ്കൂളുകളിലെ വെള്ളക്കര കുടിശ്ശിക തുക അടവാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതും തുടർ മാസങ്ങളിൽ വെള്ളക്കരം യഥാസമയം ഒടുക്ക് വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെളളക്കരം അടവാക്കുന്നില്ല – കുടിശ്ശിക വർദ്ധിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ അങ്കണവാടികൾ, സ്കൂളുകൾ ഇവയുടെ വെള്ളക്കരം യഥാസമയം അടവാക്കുന്നില്ല.

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 (1) -ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം സർക്കാർ പ്രൈമറി സ്കൂളുകളുടെയും അങ്കണവാടികളുടേയും നടത്തിപ്പ് ഗ്രാമപ്പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽപ്പെടുന്നു. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ വഹിക്കേണ്ടത് ഗ്രാമപ്പഞ്ചായത്താണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളുടേയും സ്കൂളുകളുടേയും വെള്ളക്കരം യഥാസമയം അടയ്ക്കുന്നതിൽ പഞ്ചായത്ത് അനാസ്ഥ കാണിക്കുന്നു.

ഗ്രാമപ്പഞ്ചായത്തിലെ രണ്ട് അങ്കണവാടികളുടേയും ഒരു സ്കൂളിന്റെയും വർഷങ്ങളായുള്ള വെള്ളക്കരക്കുടിശ്ശിക അടയ്ക്കുന്നതിന് 2021-22 വർഷം ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിൽ നിന്നും വിനിയോഗിച്ചത് 154115 (അങ്കണവാടി -സെന്റർ നമ്പർ 70- 48049, സെന്റർ നമ്പർ 71-29971, സ്കൂൾ - 76095) രൂപയാണ്. 2021 ജനുവരി മാസം നടത്തിയ കുടിശ്ശിക അദാലത്തിലെ തീരുമാന പ്രകാരം 70, 71, അങ്കണവാടികളുടെ വെള്ളക്കര ബില്ലിൽ നിന്നും 07.01.2021 തീയതിയിൽ യഥാക്രമം 10386, 11723 രൂപ പിഴപ്പലിശയിനത്തിലുള്ള തുക കുറവു ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/19.12.2022) നിരവധി അങ്കണവാടികളുടെ വെള്ളക്കരകുടിശ്ശിക ഇനിയും അടവാക്കാൻ അവശേഷിക്കുന്നതായി മറുപടി നൽകി.

ഹാജരാക്കിയ മറുപടി പ്രകാരം വെള്ളക്കരക്കുടിശ്ശികയുള്ള അങ്കണവാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സെന്റർ നമ്പർ, സ്ഥലം | കൺസ്യൂമർ നമ്പർ | കുടിശ്ശിക തുക |
|---|---|---|---|
| 1 | 59, കടയാർ | AIR/4254/D | 522 |
| 2 | 62, പന്നിക്കുന്ന് | AIR/1616/N | 24630 |
| 3 | 67, ചിറപ്പുറം | AIR/2035/N | 11649 |
| 4 | 69, പേരൂച്ചാൽ | AIR/2107/D | 11105 |
| 5 | 71, ഇലഞ്ഞിപ്പടി | AIR/1618/N | 2049 |
| 6 | 72, മൂക്കന്നൂർ | AIR/4274/D | 518 |
| 7 | 78, കാഞ്ഞീറ്റുകര | AIR/4263/D | 536 |

പട്ടികയിൽ പരാമർശിച്ചിട്ടുള്ള അങ്കണവാടികളുടെ വെള്ളക്കര കുടിശ്ശിക തീർപ്പാക്കി യഥാസമയം കരം അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വെള്ളക്കര ബില്ലുകൾ യഥാസമയം ഒടുക്കാതിരിക്കുന്നത് മൂലമുണ്ടാകുന്ന പിഴപ്പലിശ അടയ്ക്കേണ്ടത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിത്തീരുന്നതാണ്. മാത്രവുമല്ല കുടിശ്ശിക അടയ്ക്കാത്തതുമൂലം കണക്ഷൻ വിച്ഛേദിച്ചാൽ അങ്കണവാടികളുടെയും സ്കൂളുകളുടേയും ദൈനം ദിന പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യും.

പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക തീർക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-33 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ - സബ്സിഡി തുക ആനുപാതികമായാണോ ചെലവഴിച്ചതെന്ന് വ്യക്തമല്ല

വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി എന്നീ പ്രോജക്ടുകളിൽ പൊതു വിഭാഗത്തിലുള്ള ഗുണഭോക്താവിന് യൂണിറ്റ് ചെലവിന്റെ പരമാവധി 40% തുകയാണ് സബ്സിഡിയായി നൽകാവുന്നത് . ഇതിൽ മൂന്നിൽ രണ്ട് വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്ന് സുഭിക്ഷ കേരളം മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നു. ഫിഷറീസ് വകുപ്പിന്റെ വിഹിതം പ്രോജക്ടിൽ വകയിരുത്തിയെങ്കിലും ഹാജരാക്കിയ രേഖകൾ പ്രകാരം സബ്സിഡിത്തുക പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനമാണ് നൽകിയിട്ടുള്ളത്.

ഓരോ ഘടകങ്ങൾക്കും നൽകുന്ന യൂണിറ്റ് കോസ്റ്റിലെ ഇനം തിരിച്ചുള്ള ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിയ സബ്സിഡിയുടെ വിവരം ചുവടെ ചേർക്കുന്നു. പ്രവർത്തനച്ചെലവ് , മൂലധനച്ചെലവ് എന്നീയിനങ്ങളിലാണ് സബ്സിഡി നൽകുന്നത്. ഗ്രാമപ്പഞ്ചായത്തിൽ നിന്നും സബ്സിഡി നൽകിയത് മൂലധനച്ചെലവിനാണ്.

| പ്രോ.നം.149- സുഭിക്ഷ കേരളം - ബയോ ഫ്ളോക്ക് മത്സ്യ കൃഷി | | | | | |
|---|---|---|---|---|---|
| | ഗുണഭോക്താവിന്റെപേരും വിലാസവും | ഓരോ ഗുണഭോക്താവും ചെലവഴിച്ച തുക/ പരമാവധി യൂണിറ്റ് കോസ്റ്റ് (രൂപ) | തദ്ദേശ സ്ഥാപന വിഹിതം- സബ്സിഡി നൽകിയത് (രൂപ) | തദ്ദേശ സ്ഥാപന വിഹിതം- നൽകാവുന്ന സബ്സിഡി(രൂപ) | അധികം നൽകിയത്(രൂപ) |
| 1 | ഷിബു സാമുവൽ<br>പൊടിപ്പാറ<br>ആനകല്ലിൽ | 77000 | 27432 | 20533(2/3(40%Of77000) | 6899 |
| 2 | പി റ്റി ഡാനിയേൽ<br>പുളിക്കൽ ഹൗസ്<br>അയിരൂർ | 72000 | 24158 | 19200(2/3(40%Of72000) | 4958 |
| 3 | കെ കെ ശാമുവേൽ<br>കിടങ്ങനാട്ട് ഹൗസ്<br>അയിരൂർ നോർത്ത് | 76400 | 28180 | 20373 (2/3(40%Of76400) | 7807 |
| 4 | റ്റി പി ജോസഫ്<br>പുള്ളോലിക്കൽ<br>പാറക്കാലായിൽ<br>അയിരൂർ സൗത്ത് | 86300 | 31100 | 23013(2/3(40%Of86300) | 8087 |
| 5 | മിനി പ്രസാദ്<br>ശ്രീനിലയം<br>മൂക്കന്നൂർ | 91300 | 33768 | 24346(2/3(40%Of91300) | 9422 |
| പ്രോ.നം .77- വീട്ടു വളപ്പിലെ കുളത്തിൽ മത്സ്യ കൃഷി | | | | | |
| 1 | രാജൻ നായർ കെ പി<br>കൊച്ചുമേലേതിൽ<br>അയിരൂർ | 76025 | 30410 | 20273(2/3(40%Of76025) | 10137 |
| 2 | ഏലിയാമ്മ തോമസ്സ്<br>പനച്ചതറ കോട്ടയിൽ<br>അയിരൂർ | 80750 | 23116 | 21533(2/3(40%Of80750) | 1583 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/16.12.022) ഫിഷറീസ് എക്റ്റൻഷൻ ഓഫീസർ ഹാജരാക്കിയ മറുപടിയിൽ പ്രവർത്തനച്ചെലവുകൾക്കുള്ള മത്സ്യ വിത്ത് , മത്സ്യ തീറ്റ, മരുന്നുകൾ മുതലായവ ഫിഷറീസ് വകുപ്പു മുഖേനയാണ് നൽകുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. ഫിഷറിസ് വകുപ്പ് മുഖേനയുള്ള സബ്സിഡിത്തുക ചെലവഴിച്ചതിന്റെ രേഖകളായി ആവർത്തനച്ചെലവിന്റെയും മത്സ്യ വിത്തിന്റെയും സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനായി തയ്യാറാക്കിയ നടപടിക്രമങ്ങളുടെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത് . തുക ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനവും ഫിഷറീസ് വകുപ്പും നൽകിയ സബ്സിഡി സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ആനുപാതികമായാണ് നൽകിയതെന്ന് ഉറപ്പുവരുത്തുന്ന വ്യക്തമായ ചെലവു രേഖകൾ പ്രോജക്റ്റ് ഫയലിനൊപ്പം സൂക്ഷിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ധനസഹായം നൽകി - പണി പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ വിവിധ പ്രോജക്ടുകൾ പ്രകാരം ഭവന നിർമ്മാണം, വീട് അറ്റകുറ്റപ്പണി തുടങ്ങിയ ഇനങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയതും പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാന ഗഡു നൽകാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോ.നം | ഗുണഭോക്താവിന്റെ പേരും വിലാസവും | 31.03.2022വരെ നൽകിയ തുക |
|---|---|---|
| 9/2022, ലൈഫ് (എസ്സ് സി) | രാജമ്മ,മലമ്പാറ,വാർഡ് V | 40000 |
| 8/2022 ലൈഫ് (ജനറൽ) | അമ്മിണി ഗൗരി ( എസ്സ് റ്റി ), മുളവേലിക്കുഴി, ഓലിക്കൽ | 350000 |
| | രതീഷ് ബാബു എൻ ,നാറാണത്ത് പറമ്പിൽ,കൈതക്കോടി പി ഒ(എസ്സ് സി) | 300000 |
| | ബിന്ദു കെ കെ, കക്കാട്ട് കുഴിയിൽ ഇടപ്പാവൂർ പിഒ(എസ്സ് സി) | 300000 |
| | രമ്യ രഘു, ആലുനിൽക്കും കാലായിൽ(എസ്സ് സി) | 300000 |
| | മനോഹരൻ, C/O ശ്യാമള, കാളം കുളത്തി ഹൗസ്(എസ്സ് സി) | 200000 |
| | ഓനമ എം.റ്റി, കൊക്കാവള്ളിക്കൽ, തീയാടിക്കൽ(എസ്സ് സി) | 300000 |
| | വത്സല, എഴുപത്തഞ്ഞാഴി തടത്തിൽ, തടിയൂർ(എസ്സ് സി) | 300000 |
| | സുനു, C/O പ്രീതി , ചിരട്ടോലിൽ, തടിയൂർ(എസ്സ് സി) | 300000 |
| | ശരണ്യ ശ്രീധരൻ,W/O രമേശ്, വേലന്റെ മേമുറി, ഇടപ്പാവൂർ(എസ്സ് സി) | 300000 |
| | പ്രസന്ന ഹരിദാസ്,W/O ഹരിദാസ്, ഇലഞ്ഞിപ്പടി വീട്ടിൽ, ഇടപ്പാവൂർ | 350000 |
| | സുനിത റ്റി, കലാഭവൻ, ഇടപ്പാവൂർ(എസ്സ് സി) | 350000 |
| | ലില്ലിക്കുട്ടി, W/O സണ്ണി , പുത്തൻ പറമ്പിൽ | 200000 |
| | ആലീസ് തോമസ്സ് , W/O തോമസ്സ് എബ്രഹാം , താന്നിക്കൽ | 200000 |
| | ലീല ജോസ്സ്, W/O ജോസ്സ്, മലമ്പാറ, കാഞ്ഞീറ്റുകര(എസ്സ് സി) | 340000 |
| | വത്സല, മീനാറിൽ വീട് (എസ്സ് സി) | 40000 |
| | സിന്ധു ജെ , വട്ടപ്പറമ്പിൽ | 300000 |
| വീട് മെയ്റ്റനൻസ് (ജനറൽ)- 10/2022 | സുമതിക്കുട്ടിയമ്മ, കീമഠത്തിൽ, കൈതക്കോടി | 25000രൂപ അഡ്വാൻസ് കൈപ്പറ്റി |
| | വിലാസിനി ശ്രീധരൻ, മുണ്ടോലിൽ, തടിയൂർ | 25000 രൂപഅഡ്വാൻസ് |

| | | |
|---|---|---|
| | | കൈപ്പറ്റി |
| പ്രോ.നം. 214/2022-വീട് മെയ്റ്റനൻസ് (എസ്സ് റ്റി ) | സരോജിനി ഗോവിന്ദൻ പാറക്കാലാ ലക്ഷം വീട് | 50000 രൂപ അഡ്വാൻസ് നൽകി |
| 181/2022, ലൈഫ് (എസ്സ് സി) | ഉണ്ണിക്കൃഷ്ണൻ റ്റി, C/O തങ്കമ്മ ഇലപ്പുഴിയ്ക്കൽ വീട് വെള്ളിയറ | 350000 |

പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/23.12.2022) ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-35 വാങ്ങലുകൾ നടത്തിയത് നടപടിക്രമങ്ങൾ പാലിച്ചല്ല</u>

ഐ സി ഡി എസ്സ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിലാണ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയത്.വ്യക്തമായ തീരുമാനങ്ങൾ പ്രൊക്വർമെന്റ് കമ്മിറ്റി മിനുട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങലുകൾ നടത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ശബരി സ്ററീൽ ഫർണിച്ചർ കോട്ട് ചെയ്ത നിരക്ക് | | ധനലക്ഷ്മി എന്റർപ്രൈസസ്, കലഞ്ഞൂർകോട്ട് ചെയ്ത് നിരക്ക് | | വാങ്ങിയ നിരക്ക് |
|---|---|---|---|---|---|---|
| | | കമ്പിനി | തുക | കമ്പിനി | തുക | |
| 1 | ഗ്യാസ് സ്റ്റൗ | ബജാജ് | 2049 | പീജിയൻ | 1848 | |
| | | ബട്ടർ ഫ്ളൈ | 2227 | ബട്ടർ ഫ്ളൈ | 2249 | 2247 |
| | | പീജിയൻ | 2097 | | | |
| 2 | ഗ്യാസ് ട്യൂബ് | പ്രസ്റ്റീജ് | 156 | - | 139 | 138 |
| | | ഗ്രീൻ ഷെഫ് | 155 | | | |
| 3 | പ്രഷർ കുക്കർ | പീജിയൻ | 1395 | പീജിയൻ | 1659 | 1659 |
| | | പ്രസ്റ്റീജ് | 1840 | ബട്ടർ ഫ്ളൈ | 2148 | |
| 4 | ബേബി ചെയർ | നീൽ കമൽ | 295 | നീൽ കമൽ | 260 | |
| | | ചെയർമാൻ | 249 | ചെയർമാൻ | 239 | 238 |
| | | | | ഫ്രണ്ട്ലി | 167 | |

ഗ്യാസ് സ്റ്റൗ, പ്രഷർ കുക്കർ, ബേബി ചെയർ എന്നീയിനങ്ങളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇനമല്ല വാങ്ങിയിട്ടുള്ളത്. ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തെ ഒഴിവാക്കി ധനലക്ഷ്മി എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിന് ISI മാർക്കും വാറന്റിയും രേഖപ്പെടുത്തിയ ഏക സ്ഥാപനം എന്ന നിലയ്ക്കാണ് ടെണ്ടർ അംഗീകരിച്ചു നൽകിയതെന്നാണ് പ്രൊക്വർമെന്റ് കമ്മിറ്റിയുടെ 17.02.2022 ലെ വാങ്ങൽ സംബന്ധിച്ച തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ടെണ്ടർ ഫോറത്തിൽ ISI മാർക്കും വാറന്റിയും ഉള്ളത് എന്നു രേഖപ്പെടുത്തിയത് പരിഗണിച്ചാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/20.12.2022) പ്രോജക്ട് പൂർത്തീകരിക്കാൻ കുറഞ്ഞ സമയം

മാത്രമേ അവശേഷിച്ചിരുന്നുള്ളു എന്നും വാങ്ങൽ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിനാൽ ഉപകരണങ്ങൾ ഗുണനിലവാര പരിശോധന കൂടാതെ വാങ്ങുകയായിരുന്നു എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. വാങ്ങലുകളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന നടത്തി മാത്രം സാധനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വാങ്ങൽ സംബന്ധിച്ച തീരുമാനങ്ങളിലുള്ള ഉത്തരവാദിത്തം പ്രൊക്യൂയർമെന്റ് കമ്മിറ്റിയ്ക്കാണെന്നിരിക്കേ നടപടിക്രമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചു മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം നടപടിക്രമങ്ങൾ പാലിക്കാതെ നടത്തുന്ന വാങ്ങലുകൾ മൂലമുണ്ടാകുന്ന നഷ്ടത്തിന് പ്രോക്യൂയർമെന്റ് കമ്മിറ്റിയിലെ ഓരോ അംഗവും ഉത്തരവാദിയായിരിക്കുന്നതാണ്. പ്രോക്യൂയർമെന്റ് കമ്മിറ്റിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-36 മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ഫണ്ടിനം | നൽകിയ തുക | ലഭിച്ച മരുന്ന് | ലഭിക്കാൻ അവശേഷിക്കുന്ന മരുന്ന് | ബിൽ നം/തീയതി |
|---|---|---|---|---|---|---|
| 1 | ഹോമിയോപ്പതി മരുന്നുകളും ഡിസ്പെൻസിങ്ങ് സാമഗ്രികളും വാങ്ങൽ,12/22 | മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 100000 | - | 100000 | 21050952012801226719, 02.03.2022 |
| 2 | ജീവൻരക്ഷ മരുന്ന് വാങ്ങൽ,140/22 | വികസന ഫണ്ട് | 150000 | 136326 | 13674 | 21050952012700812319, 20.12.2021 |
| 3 | പാലിയേറ്റീവ് കെയർ, 103/22 | ജില്ലാ പഞ്ചായത്ത് ഫണ്ട് | 207040 | 73732 | 133308 | 21050952012701438517, 24.03.2022 |

മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകയിൽ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിനും 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഒരു പ്രമേയം മൂലം ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ദുരിതങ്ങൾ അനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം എന്ന നിലയ്ക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ചട്ടപ്രകാരമുള്ള ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഫണ്ട് ഗ്രാമപ്പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ,സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് സ്വീകരിക്കാവുന്നതാണ്.

## 1-38 ഇ-ടെണ്ടർ ഫീസ് തിരികെ വാങ്ങിയിട്ടില്ല

2017-18 മുതൽ 2021-22 വരെ കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽനിന്നും ഈടാക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക തിരികെ വാങ്ങിയിട്ടില്ല.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തിരികെ ലഭിക്കാനുള്ള ടെണ്ടർ ഫീസ് |
|---|---|
| 2017-18 | 8850 |
| 2018-19 | 7510 |
| 2019-20 | 14857 |
| 2020-21 | 54121 |
| 2021-22 | 9660 |
| | 94998 |

2017-18 മുതൽ 2021-22 വരെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക തിരികെ വാങ്ങി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ ഡി.ബി1/7942/2010/സിഇ തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-39 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 01.11.2017 ലെ സ.ഉ.(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2021-22 വർഷം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ വാങ്ങി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സെൻട്രൽ ജി.എസ്.റ്റി. വകുപ്പിനും സ്റ്റേറ്റ് ജി.എസ്.റ്റി. വകുപ്പിന് നൽകുകയോ തദ്ദേശ സ്ഥാപനം സൂക്ഷിക്കേണ്ട പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്കായി സാധന സാമഗ്രികൾക്കും സേവനങ്ങൾക്കും കരാറുകാരൻ നൽകിയ ജി.എസ്.റ്റി. തുക അനുവദിച്ച ജി.എസ്.റ്റി. കോംപെൻസേഷനിൽ നിന്നും കുറച്ച് ബാക്കി തുക വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതോടൊപ്പം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ നടപടിക്രമങ്ങൾ പാലിക്കാതെ ജി.എസ്.റ്റി. കോംപെൻസേഷൻ അനുവദിച്ചതിനാൽ കരാറുകാരൻ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ കൃത്യത, ജി.എസ്.റ്റി. റ്റി.ഡി.എസ്. സോഴ്സിൽ നിന്നും കുറവ് ചെയ്യാത്ത പ്രവൃത്തികളുടെ കാര്യത്തിൽ പ്രത്യേകിച്ചും, പരിശോധിക്കുവാൻ ജി.എസ്.റ്റി. വകുപ്പിന് കഴിയാത്ത സാഹചര്യം ഉണ്ടാകുന്നു. ഇത് സർക്കാരിന് നികുതി നഷ്ടത്തിന് ഇടയാക്കുന്നു. ഈ വിഷയം വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-40 മരാമത്ത് പ്രവൃത്തികൾ - ബില്ല് തയ്യാറാക്കുന്നതിൽ അപാകത

മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ ആകെ പ്രവൃത്തിമൂല്യത്തോടുകൂടി ടെണ്ടർ ഡിഡക്ഷൻ ഉണ്ടെങ്കിൽ ആയത് കുറവ് വരുത്തി Net Amount കണക്കാക്കണം. ഈ തുകയെ അടിസ്ഥാനമാക്കിയാണ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്.റ്റി/ ഇൻകം ടാക്സ്(റ്റി.ഡി.എസ്), നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കണക്കാക്കേണ്ടത്. Net Amount-നോടുകൂടി ജി.എസ്.ടി. കോംപെൻസേഷൻ കൂട്ടി കിഴിവുകൾ കുറച്ചാണ് കരാറുകാരന് തുക നൽകേണ്ടത്. ഇതിനുപകരം Net Amount-നോടുകൂടി ജി.എസ്.ടി. കോംപെൻസേഷൻ കൂട്ടി കിട്ടുന്ന തുകയെ അടിസ്ഥാനമാക്കിയാണ് ജി.എസ്.റ്റി/ ഇൻകം ടാക്സ്(റ്റി.ഡി.എസ്), നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കണക്കാക്കുന്നത്. ഇതുമൂലം കരാറുകാരന് നൽകേണ്ട തുക കണക്കാക്കുന്നതും ബില്ലിൽ നിന്നും കിഴിവ് ചെയ്യേണ്ട നികുതി തുക കണക്കാക്കുന്നതും കൃത്യമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 291657 | പാലിയേറ്റീവ് കെയർ-103/22 | 291657 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ഭവന നിർമ്മണം ലൈഫ് (എസ്സ്.സി-SO,) 181/21-22 | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 650566 | പട്ടികജാതി കോളനിയ്ക്ക് സാംസ്കാരിക നിലയം(SO), 142/21-22 | 650566 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 98/22 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 199175 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് | 199175 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ്, 38/22 | | |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | അംഗനവാടി പോഷകാഹാരം, 36/22 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 198250 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, 38/22 | 198250 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | അംഗനവാടി പോഷകാഹാരം, 36/22 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 180883 | അംഗനവാടി പോഷകാഹാരം(SO), 156/21-22 | 180883 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൌച്ചർ നം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 111/22 | ഓൺലൈൻ ട്രാൻസാക്ഷൻ, 30.03.2022 | 271500 | 0 | 271500 |
| കേരള വാട്ടർ അതോറിറ്റി | പൊതുകുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി, 113/22 | ഓൺലൈൻ ട്രാൻസാക്ഷൻ, 16.03.2022 | 100000 | 0 | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2911337 | 0 | 410667 | | 2500670 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 151978 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 10259 |
| ആകെ | 162237/- |
| തൻവർഷം പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 162237/- |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ദി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (കേരള ബാങ്ക്) | 23-11-2021 (പുതുക്കി നിക്ഷേപിച്ചത്) | 1 വർഷം | 162237/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| എൽ .എഫ്. പി. റ്റി. എ.പി 3-23/2006 തീയതി 4-06-2006 | 2.4 | 2006-07 | 3.18.1(17) | വൗച്ചറുകൾ, ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല രൂ. 19,405 | പരാമർശം നിലനിൽക്കുന്നു |
| | 2.2 | 2006-07 | 3.18.1(17) | വൗച്ചറുകൾ, ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല രൂ. 15,500 | ,, |
| 2014-15 | 2.1 | 2016-17 | 2-1 (അനുബന്ധം-4) | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | ,, |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 74494400 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56988002 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2240566 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 50000 | ശ്രീമതി അനിത വി, ഹെഡ്മിസ്ട്രസ് |
| 1-25 | 40000 | ശ്രീ സനൽ കുമാർ ജി, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-27 | 650560 | ശ്രീമതി അനുപമ പി ആർ, അസി.എൻജിനീയർ |
| 1-29 | 1500000 | ശ്രീ സനൽ കുമാർ ജി, സെക്രട്ടറി |
| **ആകെ** | 2240566 | |

**സി) <u>കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 1-16 , തുക- 907200

**ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ സനൽകുമാർ .ജി സെക്രട്ടറി | സെക്രട്ടറി, അയിരൂർ ഗ്രാമപഞ്ചായത്ത് | പ്രണവം, ബാപ്പുജിനഗർ, പോങ്ങമൂട്, മെഡിക്കൽകോളേജ്.ഒ, തിരുവനന്തപുരം |
| 2 | ശ്രീമതി അനുപമ പി.ആർ അസി.എൻജിനീയർ | അസി.എൻജിനീയർ അയിരൂർ ഗ്രാമപഞ്ചായത്ത് | പൗർണ്ണമി, പോച്ചക്കോണം, എഴുകോൺ പി.ഒ കൊല്ലം |
| 3 | ശ്രീമതി അനിത വി. ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. അയിരൂർ | അനിൽ ഭവൻ കാരികുളം പി.ഒ റാന്നി. |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം</u>

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-23/06തീയതി 12.05.06 | 2(2-2,2-4) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7-553/09 തീയതി 27.02.10/01.03.11 | 1(3-13) |
| 2013-14 &2014-15 | കെ.എസ്.എ പി.റ്റി.എ-പി8/876/15 തീയതി 13-10-15/15-10-15 | 2(2-1,3-1) |
| 2015-16 | കെ.എസ്.എ പി.റ്റി.എ-പി8/1196/16 തീയതി 05-11-16 | 1(3-1) |
| 2016-17 | കെ.എസ്.എ പി.റ്റി.എ-പി8/832/2017 തീയതി 17.07.17 | 3(3-10(5),3-12(2),3-20) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്